# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1780 — 17.06.2013-ൽ മറുപടിക്ക്

## പരമ്പരാഗത മത്സ്യബന്ധനത്തിനുള്ള സമുദ്രാതിർത്തി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. ഉമ്മർ | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) പരമ്പരാഗത മത്സ്യബന്ധനത്തിനുള്ള സമുദ്രാതിർത്തി നിലവിൽ എത്ര നോട്ടിക്കൽ മൈലാണ് ; | (എ) പരമ്പരാഗത മത്സ്യബന്ധനത്തിനുള്ള സമുദ്രാതിർത്തി നിശ്ചയിച്ചിരിക്കുന്നത് കടലിലെ ആഴത്തിന്റെ അടിസ്ഥാനത്തിലാണ്. 14.03.86 ലെ ജി.ഒ(പി) 29/86/എഫ് & പി.ഡി പ്രകാരം കൊല്ലംകോട് മുതൽ പറവൂർ വരെയുള്ള 78 കിലോമീറ്റർ ദൂരം 30 മീറ്റർ താഴ്ച വരെയും പരവൂർ പൊഴിക്കര മുതൽ മഞ്ചേശ്വരം വരെയുള്ള 512 കി.മീ. ദൂരം 20 മീറ്റർ താഴ്ച വരെയുള്ള കടലിലെ പ്രദേശമാണ് പരമ്പരാഗത മത്സ്യബന്ധനത്തിന് അനുവദിച്ച് നൽകിയിട്ടുള്ളത്. |
| (ബി) സമുദ്രാതിർത്തി നിർണ്ണയിക്കുന്നത് എന്തെല്ലാം മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയാണ്; വിശദാംശം നൽകുമോ ; | (ബി) കടലിലെ 12 നോട്ടിക്കൽ മൈൽ വരെയുള്ള ദൂരം ടെറിട്ടോറിയൽ വാട്ടേഴ്സ് എന്നും 24 നോട്ടിക്കൽ മൈൽ വരെയുള്ള ദൂരം contigeous zone എന്നും 200 നോട്ടിക്കൽ മൈൽ വരെയുള്ള ദൂരം Exclusive Economic zone എന്നും തരം തിരിച്ചിരിക്കുന്നു. 1976- ലെ "the Territorial water continental shelf Exclusive Economic zone and other maritime zones Act (central Act)" - ലെ വ്യവസ്ഥകൾ പ്രകാരമാണ് 12 നോട്ടിക്കൽ മൈൽ കഴിഞ്ഞ് ആഴക്കടൽ മത്സ്യബന്ധനം നടത്തുന്നതിന് സെൻട്രൽ അഗ്രികൾച്ചർ മന്ത്രാലയത്തിന്റെ ലെറ്റർ ഓഫ് പെർമിഷൻ നിർബന്ധമാക്കിയിട്ടുണ്ട്. |

(സി) പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായി സമുദ്രാതിർത്തി മാനദണ്ഡം പുനർനിർണ്ണയിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം നൽകുമോ ?

(സി) പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉന്നമനം ലക്ഷ്യമാക്കിയാണ് അവർക്ക് മാത്രമായി കടലിലെ ആഴത്തിന്റെ അടിസ്ഥാനത്തിൽ കടലിലെ പ്രദേശം മത്സ്യബന്ധനത്തിനായി അനുവദിച്ചു നൽകിയിട്ടുള്ളത്. 12 നോട്ടിക്കൽ മൈൽ കഴിഞ്ഞുള്ള കടലിലെ പ്രദേശത്ത് മത്സ്യബന്ധനവും മറ്റും നിയന്ത്രിക്കുന്നതും ക്രമീകരിക്കുന്നതും ഗവൺമെന്റ് ഓഫ് ഇന്ത്യ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ഉത്തരവുകൾക്കു വിധേയമായിട്ടായിരിക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ട് പ്രകാരം കടലിലെ 12 നോട്ടിക്കൽ മൈൽ വരെയുള്ള മത്സ്യബന്ധനം നിയന്ത്രിക്കുന്നതിനുള്ള അധികാരം മാത്രമേ കേരളത്തിനുള്ളൂ.

സെക്ഷൻ ഓഫീസർ